# ഫാത്തിമ മാതാ നാഷണൽ കോളജ്

## ഒന്നാംവർഷ ബിരുദ പ്രവേശനം 2022 (എയ്ഡഡ്)

## അലോട്ട്മെന്റ്

ഫാത്തിമ മാതാ നാഷണൽ കോളജിന്റെ 2022-23 അദ്ധ്യയന വർഷത്തിലെ ഒന്നാംവർഷ ബിരുദ പ്രവേശനത്തിനുള്ള (എയ്ഡഡ്) അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

അപേക്ഷകർക്ക് ഓൺലൈൻ അഡ്മിഷൻ പോർട്ടൽ (admissions.fmnc.ac.in) വഴി ലോഗിൻ ചെയ്തു അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നിർബന്ധമായും 07-08-2022 തീയതി വൈകുന്നേരം 4 മണിക്കകം അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള വിഷയങ്ങളിൽ ACCEPT/ DECLINE എന്ന ഓപ്ഷൻ ഉപയോഗിച്ച് താല്പര്യം ഉറപ്പിക്കേണ്ടതാണ്.

മേൽപറഞ്ഞ രീതിയിൽ ചെയ്യാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്, മാത്രമല്ല തുടർ അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല.

## നിർദ്ദേശങ്ങൾ

അലോട്ട്മെന്റ് ലഭിച്ചവരിൽ SURE എന്ന് രേഖപെടുത്തിയിട്ടുള്ളവർക്ക താല്പര്യം ഉറപ്പാക്കിയതിനുശേഷം ഓൺലൈൻ ആയി യൂണിവേഴ്സിറ്റി ഫീസ് അടച്ചു അടുത്ത അറിയിപ്പിനായി കാത്തിരിക്കുക.

അലോട്ട്മെന്റ് ലഭിച്ചവരിൽ WAITING എന്ന് രേഖപെടുത്തിയിട്ടുള്ളവർ താല്പര്യം ഉറപ്പാക്കിയതിനുശേഷം അടുത്ത അറിയിപ്പിനായി കാത്തിരിക്കുക. മെറിറ്റ് അടിസ്ഥാനത്തിൽ അവരുടെ ഊഴം എത്തുമ്പോൾ അറിയിക്കുന്നതാണ്.

ഇന്റർവ്യൂ സമയത്തെ ഡോക്യുമെന്റസ് പരിശോധനക്ക് ശേഷം മാത്രമേ അഡ്മിഷൻ പ്രക്രിയ പൂർണമാവുകയുള്ളൂ.

അലോട്ട്മെന്റ് ലഭിച്ചവർക്ക് താഴെ പറയുന്ന രണ്ട് ഓപ്ഷനുകൾ ലഭ്യമാണ് (ഒന്നിലധികം വിഷയങ്ങളിൽ അലോട്ട്മെന്റ് ലഭിച്ചവർക്ക് Preference ഓർഡറിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും ACCEPT/ DECLINE ലഭ്യമാകുക):

1. ACCEPT
തങ്ങൾക്കു ലഭിച്ച വിഷയത്തിൽ (Preference) താല്പര്യം ഉണ്ടെങ്കിൽ ഈ ഓപ്ഷൻ തിരഞ്ഞെടുക്കുക.

2. DECLINE FROM THIS AND ALL LOWER PREFERENCES
തങ്ങൾക്കു ലഭിച്ച വിഷയത്തിൽ (Preference) താല്പര്യം ഇല്ലെങ്കിൽ ഈ ഓപ്ഷൻ തിരഞ്ഞെടുക്കുക. ഈ വിഷയത്തോടൊപ്പം ഇതിനു താഴെ ഉള്ള എല്ലാ Preference ഉം ക്യാൻസൽ ആകുന്നതായിരിക്കും.